# വള്ളുവനാട്
## (1920-2020)

## അതിജീവനത്തിന്റെ 100 വർഷങ്ങൾ



പുഴക്കാട്ടിരി പഞ്ചായത്ത് ഗ്ലോബൽ കെ.എം.സി.സി

# VALLUVANDU ATHIJEEVANATHINTE 100 VARSHANGAL
(MALAYALAM)

First Edition: December 2020

Publisher: Global KMCC,
Puzhakkattiri Panchayath
Puzhakkattiri P.O, Malappuram Dt.

History/ Collection of Articles
Editor: Dr. Shafeeq Vazhippara

Editing Co-ordinator:
Abdul Kareem Kuyilanthodi

Sub Editors:
Dr. Mansoor Hudavi
Mansoor P.V

Marketing:
Ameer P.V, Noufal Palakapparambu

Cover Design: Mahin
Layout: Abdulla Wafy Thengilan
Typesetting: Kumukuma

Printing: Olive Kottakkal

Price: 460/-

©

All Rights Reserved
ISBN 978-93-5407-110-2

# വള്ളുവനാട്
## (1920-2020)
### അതിജീവനത്തിന്റെ
### 100 വർഷങ്ങൾ

എഡിറ്റർ
ഡോ. ശഫീഖ് വഴിപ്പാറ

പുഴക്കാട്ടിരി പഞ്ചായത്ത് ഗ്ലോബൽ
കെ.എം.സി.സി

# ഉള്ളടക്കം


പ്രാചീന വള്ളുവനാടിന്റെ ചരിത്രം ........ 12
വള്ളുവനാടും മലബാർ സമരവും........ 32
മലബാർ സമരം ഒരു വിലയിരുത്തൽ........ 38
മലബാർ സമരത്തിലെ മാപ്പിള മനസ്സ്........ 42
വാഗണിൽ പൊലിഞ്ഞ കുരുവമ്പലത്തിന്റെ മക്കൾ ........ 47
വാഗൺ ട്രാജഡി: കനൽവഴിയിലെ കൂട്ടക്കുരുതി........ 50
മലബാർ സമരത്തിന്റെ അനന്തരഫലം........ 56
തുവ്വൂർ കിണറും വസ്തുതകളും ........ 60
വാരിയംകുന്നത്ത്: ദേശാഭിമാനം നെഞ്ചിലേറ്റിയ പോരാളി ........ 66
അന്തമാനിലെ മാപ്പിളദേശങ്ങൾ ........ 70
അന്തമാൻ പദ്ധതിയും മാപ്പിള ദുരിതവും........ 73
മലബാർ സമരവും സ്ത്രീകളും: വിവിധ രേഖാപാഠങ്ങൾ........ 78
നാരായണമേനോൻ: സമുദായമൈത്രിക്കു വേണ്ടി പോരാടിയ നേതാവ് ........ 90
എം.പി സഹോദരന്മാർ ........ 94
സമരക്കാർക്ക് വിരുന്നും വീട്ടുകാർക്ക് പട്ടിണിയും........ 98
കട്ടിലശ്ശേരിയും ദേശീയ പ്രസ്ഥാനവും........ 100
ദേശാഭിമാനിയായ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് ........ 117
സി. ശങ്കരൻ നായരും രാമുണ്ണി മേനോനും........ 120
സവർണ–കൊളോണിയൽ ആഖ്യാനങ്ങളുടെ സാമൂഹിക മനഃശാസ്ത്രം ........ 123
വള്ളുവനാടിന്റെ ചരിത്രവീഥിയിൽ ........ 127
മുസ്‌ലിംലീഗിന്റെ പ്രത്യയശാസ്ത്രം........ 136
പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ ........ 142
കുന്നപ്പള്ളി ഹൈദർ മുസ്‌ലിയാർ........ 145
വി.പി മേനോൻ ........ 149
അരിപ്ര മൊയ്തീൻ ഹാജി ........ 152
നന്തനാർ ........ 156
ഇ.എം.എസ് നമ്പൂതിരിപ്പാട്........ 159
ഇ.എം.എസിന്റെ മുസ്‌ലിം രാഷ്ട്രീയ–ചരിത്ര–സംസ്കാര സമീപനങ്ങൾ........ 162
മലയാള സാഹിത്യത്തിലെ ഗോർക്കി ........ 172
കെ.കെ മുഹമ്മദ് ശാഫി സാഹിബ് ........ 176
സഖാവ് ഇ.പി ഗോപാലൻ ........ 179
കെ.കെ.എസ് തങ്ങൾ ........ 181
ഞരളത്ത് രാമപ്പൊതുവാൾ ........ 191
കെ. ഉമർ മൗലവി ........ 194

പി.വി.എസ് മുസ്തഫ പൂക്കോയ തങ്ങൾ .......... 199
പ്രൊഫ. മങ്കട അബ്ദുൽ അസീസ് മൗലവി.......... 202
കോടതിമുറിയിലെ കൊലപാതകം.......... 209
അഡ്വ. ആലങ്കോട് അബ്ദുൽ മജീദ് .......... 215
നാട്ടിക വി. മൂസ മൗലവി .......... 218
മങ്കട രവിവർമ്മ .......... 222
കരുവള്ളി മുഹമ്മദ് മൗലവി .......... 225
സാലിം മൗലവി .......... 234
പി.എം ഹനീഫ് .......... 237
മേലാറ്റൂർ പി. കുഞ്ഞാണി മുസ്‌ലിയാർ .......... 241
ഹാജി കെ. മമ്മദ് ഫൈസി .......... 243
കൊളത്തൂർ ടി. മുഹമ്മദ് മൗലവി .......... 246
ഭാഷാ സമരനായകൻ.......... 249
വള്ളുവനാടിന്റെ ഇതിഹാസകാരൻ.......... 254
അക്കിത്തം.......... 259
കലാമണ്ഡലം ഗോപി .......... 263
പി.ടിയും എ.പിയും പിന്നെ ബാപ്പു സാഹിബും.......... 266
കെ.ഇ തങ്ങളും യൂസഫ് ഹാജിയും.......... 269
ടി. സൈദുട്ടിയും വെങ്കിട്ട കുഞ്ഞാപ്പ സാഹിബും.......... 272
കെ.വി.എസ് തങ്ങൾ .......... 276
സിന്ദാബാദ് മൊയ്തീനും പി.സി സൈദ് മുഹമ്മദും .......... 278
നിണമൊഴുക്കിയ ചാവേറുകൾ.......... 281
ചാവേർപ്പടയുടെ ശേഷിപ്പ് .......... 287
നിളയുടെ സാംസ്കാരിക പ്രവാഹം .......... 290
സൗഹാർദം വിരിയുന്ന പൂരക്കാഴ്ച .......... 296
വള്ളുവനാടിന്റെ നാടകചരിത്രം .......... 298
വള്ളുവനാടിന്റെ ചലച്ചിത്രത്തിളക്കം.......... 303
കാൽപ്പന്തുകളിയുടെ വള്ളുവനാടൻ ഗാഥ.......... 307
'പോരാട്ടം': കോങ്ങാട് മുതൽ കരുളായി വരെ .......... 313
ഗൾഫ് കുടിയേറ്റത്തിന്റെ വർത്തമാനം .......... 317
സാമ്പത്തിക വളർച്ചയും പ്രവാസവും .......... 322
വള്ളുവനാടിന്റെ വിദ്യാഭ്യാസ വികാസം.......... 325
ഉർദു ഭാഷയുംഒരു ജനതയും .......... 329
ജാമിഅ നൂരിയ്യ അറബിക് കോളേജ്, പട്ടിക്കാട് .......... 336
അൽജാമിഅ, ശാന്തപുരം.......... 342
നാടിന്റെ മതസൗഹാർദ കയ്യൊപ്പുകൾ.......... 345
ഭാഷാസമരം ഒരു പുനർവായന .......... 349
ജാതിയും കുലത്തൊഴിലും .......... 355
മണ്ണാർക്കാടിന്റെ മതവും സംസ്കാരവും .......... 358
സി.കെ അബ്ദുല്ല മാസ്റ്റർ .......... 370

മങ്കടയുടെ ചരിത്രം ........ 372
മങ്കടയിലെ മുസ്‌ലിം രാഷ്ട്രീയം ........ 379
പി.പി കമ്മു ........ 383
പുത്തൂർ മുഹമ്മദ് ........ 385
എ.കെ കോഡൂർ ........ 391
കീഴാറ്റൂരിന്റെ മത, രാഷ്ട്രീയ, സാംസ്കാരിക പാരമ്പര്യം ........ 394
ഹരിത രാഷ്ട്രീയം വെട്ടത്തൂരിൽ ........ 403
ആലിപ്പറമ്പിന്റെ പൈതൃകം ........ 406
എൻ.കെ ഹംസ ഹാജി ........ 410
കോങ്ങാട്ട് പുത്തൻവീട്ടിൽ ബാപ്പുട്ടി ഹാജി ........ 414
വടക്കേതിൽ ജമാൽ ഹാജി ........ 417
കട്ടുപ്പാറ കെ. അബു ഹാജി ........ 419
പുന്നശ്ശേരി വാപ്പു ഹാജിയും മാടാല ഉമ്മർ ഹാജിയും ........ 421
കുറ്റീരി ഹംസയും കല്ലിങ്ങൽ താഹിർകുട്ടിയും ........ 424
പി.കെ കുഞ്ഞു ........ 429
കരുവാട്ടിൽ മുഹമ്മദലി ........ 432
കാളാവ് സെയ്തലവി മുസ്‌ലിയാർ ........ 435
ബാപ്പു ഹാജി ........ 437
കുന്നത്ത് മുഹമ്മദ് ഹാജി ........ 440
കരിഞ്ചാപ്പാടിയുടെ യശസ്സുയർത്തിയ പണ്ഡിതന്മാർ ........ 443
സി.കെ അബു ........ 448
പനോട്ടിൽ മുഹമ്മദ് മൗലവി ........ 452
ഉമ്മത്തൂർ ഉമർ ഹാജി ........ 454
കെ.കെ മുഹമ്മദ്കുട്ടി ........ 456
പുഴക്കാട്ടിരിയുടെ മത-സാംസ്കാരിക ചരിത്രം ........ 459
പുഴക്കാട്ടിരിയുടെ ന്യൂനപക്ഷ രാഷ്ട്രീയം ........ 474

ഡോ. ശഫീഖ് വഴിപ്പാറ

# ഇ.എം.എസിന്റെ മുസ്‌ലിം രാഷ്ട്രീയ-ചരിത്ര-സംസ്കാര സമീപനങ്ങൾ

**മുസ്‌ലിംലീഗിന്റെ അധികാര പങ്കാളിത്തം, മലപ്പുറം ജില്ലാരൂപീകരണം, രാമസിംഹൻ കൊലക്കേസ്, മലബാർ സമരം തുടങ്ങിയ വിഷയങ്ങളിൽ ഇ.എം.എസിന്റെ സമീപനവും പുലാമന്തോളിലെ 'ഇ.എം.എസ് പള്ളി'യുടെ യാഥാർത്ഥ്യവും പരിശോധിക്കുന്നു**

ആധുനിക കേരളത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിൽ ഇ.എം.എസ് നടത്തിയ വിവിധ ഇടപെടലുകൾ പലതരം വായനകൾക്ക് വിധേയമാക്കപ്പെട്ടിട്ടുണ്ട്. ഒരു രാഷ്ട്രീയ നേതാവ് എന്നതിലുപരി സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ തന്റേതായ ഇടപെടലുകൾ നടത്തിയ നേതാവാണ് അദ്ദേഹം. കേരളത്തിൽ മുസ്‌ലിംലീഗിന്റെ അധികാര പങ്കാളിത്തം, മലപ്പുറം ജില്ലാരൂപീകരണം, രാമസിംഹൻ കൊലക്കേസ്, മലബാർ സമരം തുടങ്ങിയ വിഷയങ്ങളിൽ ഇ.എം.എസിന്റെ സമീപനവും പുലാമന്തോളിലെ 'ഇ.എം.എസ് പള്ളി'യുടെ യാഥാർത്ഥ്യവും പരിശോധിക്കുകയാണ് ഈ പഠനത്തിലൂടെ.

## മുസ്‌ലിംലീഗും അധികാര പങ്കാളിത്തവും

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിംലീഗിന്റെ പ്രവർത്തനങ്ങൾ വലിയ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. വിഭജനത്തിന് ഉത്തരവാദികൾ എന്ന് മുദ്രകുത്തി ദേശീയ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്താനുള്ള ശ്രമങ്ങൾ ആസൂത്രിതമായി നടന്ന ഘട്ടത്തിൽ, കരുതലുകളോടെ പ്രവർത്തിക്കേണ്ടുന്ന

ഉത്തരവാദിത്തം മുസ്‌ലിംലീഗിനുണ്ടായിരുന്നു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മുസ്‌ലിംലീഗെടുത്ത സമീപനങ്ങൾ ഈയൊരു രാഷ്ട്രീയാന്തരീക്ഷത്തിന്റെ കൂടി സമ്മർദത്തിൽ രൂപപ്പെട്ടതായിരുന്നു. 1960ൽ നടന്ന കേരളത്തിലെ രണ്ടാം നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്-പി.എസ്.പി-ലീഗ് സഖ്യം അധികാരത്തിലേറിയെങ്കിലും വർഗീയ കക്ഷിയെന്ന മുദ്രചാർത്തി ലീഗിനെ കോൺഗ്രസ് മന്ത്രിസഭയിലെടുക്കാൻ തയാറായില്ല. പല ചർച്ചകൾ നടന്നെങ്കിലും ഒടുവിൽ സ്പീക്കർ പദവി ലീഗിന് നൽകുകയും കെ.എം സീതി സാഹിബ് ആ പദവി വഹിക്കുകയും ചെയ്തു. 1961 ഏപ്രിൽ 17ന് സീതി സാഹിബ് അന്തരിച്ചു. ഒഴിവുവന്ന സ്പീക്കർ പദവിയിലേക്ക് സി.എച്ച് മുഹമ്മദ് കോയയെ മുസ്‌ലിംലീഗ് നിർദേശിച്ചു. എന്നാൽ, സ്പീക്കറാകുന്നതിന് നോമിനേഷൻ നൽകുന്നതിനു മുമ്പ് സി.എച്ച് പാർട്ടി അംഗത്വം രാജിവയ്ക്കണമെന്ന് കോൺഗ്രസ് വാശിപിടിച്ചു. ഈ ആവശ്യം ലീഗ് അംഗീകരിക്കുകയും 1961 ജൂൺ ഒമ്പതിന് സി.എച്ച് സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പക്ഷേ, കോൺഗ്രസ്-ലീഗ് ബന്ധം കൂടുതൽ വഷളാകുന്ന രംഗങ്ങളാണ് പിന്നീട് കണ്ടത്. 1961 നവംബർ 10ന് സി.എച്ചിന് സ്പീക്കർ സ്ഥാനം രാജിവയ്ക്കേണ്ടിയും വന്നു.

ലീഗുമായി സഖ്യത്തിലായാൽ ഭൂരിപക്ഷ സമുദായത്തിന്റെ പിന്തുണ നഷ്ടപ്പെടുമെന്ന വിലയിരുത്തലാണ് കോൺഗ്രസിനുണ്ടായിരുന്നത്. ലീഗിനോടുള്ള കോൺഗ്രസിന്റെ ഈ നിലപാടാണ് അന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളെ സങ്കീർണമാക്കിയത്. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അന്നത്തെ കോൺഗ്രസ് അധ്യക്ഷനായിരുന്ന കാമരാജുമായി നിരവധി തവണ സംസാരിച്ചെങ്കിലും കേരളത്തിൽ ലീഗിനെ മുന്നണിയിലെടുക്കാൻ കോൺഗ്രസ് തയാറായില്ല. ഈ സാഹചര്യത്തിൽ രാഷ്ട്രീയ അതിജീവനത്തിന്റെ വഴിതേടി മുസ്‌ലിംലീഗ് സി.പി.എമ്മുമായി ധാരണയുണ്ടാക്കി. 1965ൽ നടന്ന തെരഞ്ഞെടുപ്പിൽ ലീഗ്-സി.പി.എം ധാരണയിൽ മത്സരിച്ച് 11 മുസ്‌ലിം ലീഗ് എം.എൽ.എമാർ വിജയിച്ചെങ്കിലും സംസ്ഥാനത്ത് ആർക്കും ഭൂരിപക്ഷമില്ലാതെ വന്നതിനാൽ നിയമസഭ കൂടിയില്ല. 1966ൽ മദിരാശിയിൽ ചേർന്ന മുസ്‌ലിംലീഗ് ദേശീയ സമിതി കോൺഗ്രസിന്റെ ഏകാധിപത്യവും ദുർഭരണവും അവസാനിപ്പിക്കാൻ ജനസംഘമിതര പ്രതിപക്ഷ കക്ഷികളുമായി സഹകരിക്കാൻ നയപരമായി തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 1967ൽ നടന്ന തെരഞ്ഞെടുപ്പിൽ സി.പി.എം-സി.പി.ഐ-സോഷ്യലിസ്റ്റ് മുന്നണിയിൽ ലീഗ് മത്സരിക്കുകയും മുന്നണി അധികാരത്തിൽ വരികയും ചെയ്തു. ലീഗിന്റെ 14 എം.എൽ.എമാരാണ് വിജയിച്ചത്. ആദ്യമായി ലീഗ് മന്ത്രിസഭയിൽ അംഗമാകുന്നതിന് കേരളചരിത്രം സാക്ഷിയായി. സി.എച്ച് മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായും അഹ്മദ് കുരിക്കൾ തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയായും സത്യപ്രതിജ്ഞ ചെയ്തു.

കേരളത്തിന്റെ ഭരണത്തിൽ ലീഗ് പങ്കാളിയാകുന്ന ഈ സന്ദർഭത്തിന് രാഷ്ട്രീയവും സാമൂഹികവുമായ പ്രസക്തിയുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിം രാഷ്ട്രീയ പ്രതിനിധാനം അപരവത്കരണത്തിനും അവഹേളനത്തിനും വിധേയമായിക്കഴിഞ്ഞ ഘട്ടങ്ങളെ പക്വതയോടെ ലീഗ് രാഷ്ട്രീയ നേതൃത്വം സമീപിച്ചതിന്റെ ഫലമായിരുന്നു ഇത്. 22-08-1962ന് ഇന്ത്യൻ പ്രധാനമന്ത്രിയുടെ വസതിയിൽ, അശോക് മേത്ത ചെയർമാനായ വർഗീയതാ സമിതിക്കുമുമ്പിൽ മുസ്‌ലിംലീഗ് ദേശീയ പ്രസിഡന്റ് മുഹമ്മദ് ഇസ്മാഈൽ സാഹിബിന് മുസ്‌ലിംകൾ സംഘടിക്കുന്നതിന്റെ ന്യായങ്ങൾ വിശദീകരിക്കേണ്ടി വന്നിരുന്നു. 'വിഭജനത്തിനുമുമ്പ് മുസ്‌ലിംലീഗ് ദ്വിരാഷ്ട്ര സിദ്ധാന്തം കൈകൊണ്ടിരുന്നുവല്ലോ? ഇപ്പോഴും അങ്ങനെ തന്നെയാണോ?', 'എന്തിനാണ് മുസ്‌ലിംകൾക്ക് പ്രത്യേകമായി ഒരു രാഷ്ട്രീയ പാർട്ടി?', 'നിങ്ങളെന്തിനാണ് രാഷ്ട്രീയത്തിൽ മതത്തെ കുത്തിച്ചെലുത്തുന്നത്?' തുടങ്ങിയ ചോദ്യങ്ങളാണ് സമിതിയിൽനിന്ന് മുസ്‌ലിംലീഗ്

---

1. 1957ൽ ഐക്യകേരളത്തിൽ നടന്ന പ്രഥമ നിയമസഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗ്-പി.എസ്.പി സഖ്യം 17 സ്ഥാനാർഥികളെ വിജയിപ്പിച്ചു. ഇതിൽ എട്ട് അംഗങ്ങൾ മുസ്‌ലിംലീഗിന്റെയായിരുന്നു. ആ സമയം പ്രതിപക്ഷത്തിരിക്കുകയായിരുന്നു ലീഗ്. ലീഗ് പിന്തുണയിൽ വി.ആർ കൃഷ്ണയ്യർ, ഡോ. എ.ആർ മേനോൻ, പി.കെ കോരു തുടങ്ങിയ സ്വതന്ത്രരും വിജയിച്ചു. ആ സ്വതന്ത്രരുടെ പിന്തുണ ഇ.എം.എസിനായിരുന്നു. 1960ൽ നടന്ന രണ്ടാം തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗിന് 11 എം.എൽ.എമാരുണ്ടായിരുന്നു.

അഭിമുഖീകരിച്ചത്. ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി രാജ്യത്തിന്റെ നിയമങ്ങൾക്കുള്ളിൽനിന്നുകൊണ്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് തങ്ങളുടേതെന്ന് വിശദീകരിച്ച് മുഹമ്മദ് ഇസ്മാഈൽ സാഹിബും കൂടെയുണ്ടായിരുന്ന ഇബ്റാഹീം സുലൈമാൻ സേട്ടുവും ഒരു സങ്കീർണ മുഹൂർത്തത്തെ കൃത്യമായ നിലപാടുകൾ കൊണ്ട് അഭിസംബോധന ചെയ്തു.

മുസ്‌ലിംലീഗ് രണ്ടാംതരം പൗരന്മാരെ പ്രതിനിധീകരിക്കുന്ന പാർട്ടിയാണെന്ന സാമൂഹികസമ്മർദം നിലനിൽക്കുന്ന ഘട്ടത്തിലാണ്, കേരളത്തിന്റെ ഭരണനിർവഹണ പങ്കാളിത്തത്തിൽ ലീഗ് വരുന്നത്. അങ്ങനെയൊരു സാഹചര്യമൊരുക്കുന്നതിന്, ഇ.എം.എസ് എടുത്ത നിലപാട് പ്രധാനമാണ്. ഒരുമിച്ച് മുന്നണി രൂപീകരിക്കുകയും കാബിനറ്റിലെടുത്ത് രണ്ട് പ്രധാന വകുപ്പുകൾ കൈകാര്യം ചെയ്യാൻ നൽകുകയും ചെയ്തതിൽ ഇ.എം.എസ് നിർണായക പങ്കുവഹിച്ചിട്ടുണ്ട്. മുസ്‌ലിംകളോടുള്ള അദ്ദേഹത്തിന്റെ വർഗ സമീപനത്തിന്റെ ഭാഗമായി കൂടി ഇതിനെ വിലയിരുത്തണം.

മലബാറിനും വിശിഷ്യാ ന്യൂനപക്ഷങ്ങൾക്കും വിദ്യാഭ്യാസ-സാമൂഹിക മേഖലയിൽ ഗുണകരമായ ഒട്ടേറെ പദ്ധതികൾ ലഭിക്കാൻ ഇ.എം.എസ് മന്ത്രിസഭയിലെ സി.എച്ച് മുഹമ്മദ് കോയയുടെ വിദ്യാഭ്യാസ മന്ത്രി പദവി കാരണമായി. മലപ്പുറം ജില്ലാ രൂപീകരണം, കാലിക്കറ്റ് സർവകലാശാലാ രൂപീകരണം, അറബി അധ്യാപകരെ ഭാഷാ അധ്യാപകരായി അംഗീകരിച്ചത്, പിന്നാക്ക പ്രദേശങ്ങളിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയത്, മുസ്‌ലിം സ്ത്രീവിദ്യാഭ്യാസത്തിന് പ്രോത്സാഹനം, പുതിയ സർവകലാശാല ബിൽ, എസ്.എസ്.എൽ.സി വരെ സൗജന്യ വിദ്യാഭ്യാസം, കോളേജ് അധ്യാപകർക്ക് നേരിട്ട് ശമ്പളം, വിദ്യാർത്ഥികൾക്ക് യൂനിവേഴ്സിറ്റി സെനറ്റിൽ പ്രാതിനിധ്യം തുടങ്ങിയ വിവിധ വികസന നടപടികൾ ഉണ്ടായത് ഈ ഘട്ടത്തിലായിരുന്നു.

## മലപ്പുറം ജില്ല

ജനസംഘവും കോൺഗ്രസും 'മാതൃഭൂമി' പോലുള്ള പത്രങ്ങളും കേളപ്പനെപോലുള്ള നേതാക്കളും ഒന്നടങ്കം അണിനിരന്ന മലപ്പുറം ജില്ലാരൂപീകരണ വിരുദ്ധ സമരം ദേശീയ ശ്രദ്ധ നേടിയിരുന്നു. കേരളത്തിലെ മതേതര വിശ്വാസികളെപ്പോലും തെറ്റിദ്ധരിപ്പിക്കാൻ സമരക്കാർക്ക് കഴിഞ്ഞു. കേരളത്തിന്റെ മതേതര ജീവിതത്തെയും രാഷ്ട്രീയത്തെയും നെടുകെ പിളർത്താൻ മാത്രം ശക്തിയുണ്ടായിരുന്ന ആ നീക്കത്തെ നിഷ്പ്രഭമാക്കുന്നതിൽ ഇ.എം.എസ് എന്ന മുഖ്യമന്ത്രിയുടെ ഇടപെടലിന് പങ്കുണ്ട്. ജില്ലാ വിരുദ്ധ സമരം കത്തിനിൽക്കുന്ന സമയത്ത് കോഴിക്കോട് ടൗൺഹാളിൽ നടന്ന ഒരു പരിപാടിയിൽ ഇ.എം.എസ് ഇങ്ങനെ പ്രസംഗിച്ചു: "അവികസിത പ്രദേശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് രൂപീകരിക്കുന്ന മലപ്പുറം ജില്ലയ്ക്കെതിരായി ഇന്ന് നടന്നുവരുന്ന അടിസ്ഥാനരഹിതമായ സമരം നാട്ടിൽ വിദ്വേഷം കുത്തിപ്പൊക്കാനും സാമുദായിക സൗഹാർദം നശിപ്പിക്കാനും മാത്രമേ ഉപകരിക്കുകയുള്ളൂ. പഴക്കം ചെന്ന ഹിന്ദുരാഷ്ട്രവാദത്തിന്റെ ചുവയാണ് ഈ സമരത്തിലൂടെ കാണാൻ സാധിക്കുന്നത്. മലപ്പുറത്തെയും മറ്റും ജനങ്ങളുടെ വികാരം കണക്കിലെടുത്തു കൊണ്ടാണ് മലപ്പുറം ജില്ല രൂപീകരിക്കുന്നത്. ജനസംഘക്കാർ മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഈ സമരത്തിന് ആ നാട്ടിൽ തന്നെ യാതൊരു സ്ഥാനവുമില്ല. അവിടത്തെ ജനങ്ങളിൽ സ്വാധീനം ചെലുത്തുവാനും ഇതിനു കഴിഞ്ഞിട്ടില്ല... കേരളത്തിലെ പ്രധാന രാഷ്ട്രീയപ്പാർട്ടികളാരും പങ്കുചേരാത്ത ജില്ലാവിരുദ്ധ സമരം ചാതുർവർണ്യം നിലനിർത്തിക്കൊണ്ടുള്ള ഹിന്ദുരാഷ്ട്രവാദമാണ്. മലപ്പുറം ജില്ലാ രൂപീകരണത്തിന് തങ്ങൾ എതിരാണെന്ന് സ്ഥാപിച്ച് ജനസംഘക്കാരുടെ അനുഭാവം കരസ്ഥമാക്കാനും ജില്ലാ രൂപീകരണത്തിന് അനുകൂലമാണെന്ന് കരുതി അനുകൂലികളുടെ പിന്തുണ ആർജിക്കാനുമുള്ള ഒരു ഇരട്ടത്താപ്പുനയം കെ.പി.സി.സി കേരളത്തിൽ പ്രയോഗിച്ചുനോക്കിയെങ്കിലും ഉദ്ബുദ്ധരായ കേരള ജനത അവരുടെ കസർത്ത് എളുപ്പത്തിൽ മനസിലാക്കി." (ഉദ്ധരണം- മലപ്പുറം ജില്ല: പിറവിയും പ്രയാണവും, 2015: 127, 128)

അതേസമയം, മലപ്പുറം ജില്ലാരൂപീകരണ വിവാദ കാലത്ത് ഇ.എം.എസ് പരസ്യമായി എടുത്ത നിലപാടുകളെ അദ്ദേഹം തന്നെ പിന്നീട് വ്യാഖ്യാനിച്ച് വിശദീകരിച്ചിട്ടുണ്ട്.

'കമ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ' എന്ന പുസ്തകത്തിൽ 'മലപ്പുറം ജില്ല' അധ്യായത്തിൽ ഇ.എം.എസ് ഇങ്ങനെ എഴുതി: "1960ലെ ഇടക്കാല തെരഞ്ഞെടുപ്പിനെ തുടർന്ന് കോൺഗ്രസ് അംഗീകരിച്ച വിവേചന നയം നിമിത്തം ദുഃഖിതരും രോഷാകുലരുമായിരുന്ന മുസ്‌ലിം ജനവിഭാഗങ്ങളെയാണ് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ഐക്യമുന്നണിയിലേക്കും ഗവൺമെന്റിലേക്കും കൈപിടിച്ചുകൊണ്ടുവന്നത്. അതിന്റേതായ സദ്ഫലങ്ങൾ ലീഗിന് അനുഭവിക്കാൻ കഴിഞ്ഞുവെന്നു മാത്രമല്ല, അവർ ഉയർത്തിയ മലപ്പുറം ജില്ലയെന്ന ആവശ്യവും അംഗീകരിക്കപ്പെട്ടു. ഇത്രയും ചെയ്ത കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കെതിരായാണ് ലീഗുകാർ കോൺഗ്രസിന്റെ കൂടെ ചേർന്നതെന്ന സത്യം മുസ്‌ലിം ബഹുജനങ്ങൾ കാണാനിടയായി. കാലാന്തരത്തിലെങ്കിലും ലീഗ്-കമ്യൂണിസ്റ്റ് ബന്ധം സംബന്ധിച്ച പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശാൻ ഇതവരെ സഹായിക്കും.

നേരെമറിച്ച്, മലപ്പുറം ജില്ലയെന്ന ആവശ്യം നിരസിക്കപ്പെടുകയും അതിന്റെ പേരിൽ കമ്യൂണിസ്റ്റ്(മാർക്സിസ്റ്റ്) പാർട്ടിക്കെതിരായി പ്രചാരണം അഴിച്ചുവിടാൻ ലീഗുകാർ തയാറാവുകയും ചെയ്തിരുന്നുവെന്ന് കരുതുക. മുസ്‌ലിം ഭൂരിപക്ഷ ജില്ലയായിരുന്നുവെന്ന ഒറ്റക്കാരണത്താൽ ജില്ലാരൂപീകരണത്തെ എതിർത്ത കമ്യൂണിസ്റ്റ്(മാർക്സിസ്റ്റ്)പാർട്ടിയും ആർ.എസ്.എസും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്ന് ഇതിൽനിന്ന് തെളിയുന്നുവെന്ന് വാദിച്ച് മുസ്‌ലിം ബഹുജനങ്ങളിൽ മാർക്സിസ്റ്റ് വിരോധം ശക്തിപ്പെടുത്തുന്നതിലല്ലേ അത് ചെന്നെത്തുമായിരുന്നത്? മലപ്പുറം ജില്ല രൂപീകരിച്ചതിനുശേഷം ഇടുക്കി, വയനാട്, കാസർകോട്, പത്തനംതിട്ട എന്നീ ജില്ലകൾ രൂപീകരിക്കപ്പെടുകയുണ്ടായെന്നുകൂടി ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്.

ജില്ല രൂപീകരിച്ചതുകൊണ്ടുണ്ടായതിനെക്കാൾ ഒട്ടും കുറയാത്ത ദോഷങ്ങൾ ആ ആവശ്യം നിരസിച്ചിരുന്നുവെങ്കിലും ഉണ്ടാകുമെന്ന് വ്യക്തമാക്കാനാണ് ഇത്രയും പറഞ്ഞത്. എന്നാൽ ഒരു കാര്യം സമ്മതിക്കാതിരിക്കാൻ വയ്യ. തെരഞ്ഞെടുപ്പുകളിൽ പങ്കെടുത്ത് ഭൂരിപക്ഷം നേടി ഗവൺമെന്റുകൾ രൂപീകരിക്കുന്നത് തൊഴിലാളി-കർഷകാദി ബഹുജനങ്ങളുടെ സംഘടിത ശക്തിപ്പെടുത്തി അവരുടെ ഐക്യം ഊട്ടിയുണ്ടാക്കുന്ന വിപ്ലവ പ്രവർത്തനത്തിന്റെ അവിഭാജ്യഭാഗമായാണ് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി കാണുന്നത്. ലീഗാകട്ടെ, മുസ്‌ലിം ജനതയെ മറ്റുജനവിഭാഗങ്ങളിൽനിന്ന് വേർതിരിച്ചുനിർത്തി അവരുടേത് മാത്രമായ രാഷ്ട്രീയ പ്രസ്ഥാനം ശക്തിപ്പെടുത്താനാണ് ശ്രമിച്ചത്. അതിൽ മലപ്പുറം ജില്ലാ രൂപീകരണവും അവർക്ക് സഹായകമായി"(ഉദ്ധരണം- മലപ്പുറം ജില്ല: പിറവിയും പ്രയാണവും, 2015: 157, 158).

താൻ മുഖ്യമന്ത്രിപദവിയിലിരിക്കുമ്പോൾ എടുത്ത പ്രധാന തീരുമാനങ്ങളിലൊന്നായ മലപ്പുറം ജില്ലാരൂപീകരണത്തെ തന്റെ ഭരണനേട്ടമായി പറഞ്ഞവസാനിപ്പിക്കുന്നതിനുപകരം, അതിന്റെ രാഷ്ട്രീയ, സാമൂഹിക തലങ്ങളെ വിശകലനവിധേയമാക്കുകയാണ് ഇ.എം.എസ് ചെയ്യുന്നത്. ലീഗിന്റെ സമ്മർദത്തിനുവഴങ്ങിയാണ് അങ്ങനെയൊരു അന്തിമ തീരുമാനത്തിലേക്ക് വരുന്നതെന്നും അല്ലായിരുന്നുവെങ്കിൽ അതുണ്ടാക്കാവുന്ന രാഷ്ട്രീയ-സാമൂഹിക പ്രത്യാഘാതം വലുതായിരുന്നുവെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. മുസ്‌ലിംലീഗിനെ കുറിച്ചുള്ള ഇ.എം.എസിന്റെ പിൽക്കാല വിലയിരുത്തലെന്തായിരുന്നുവെന്നുകൂടി മനസിലാക്കാൻ പ്രസ്തുത ലേഖനത്തിന്റെ തന്നെ മറ്റൊരു ഭാഗം വായിച്ചാൽ മതി. അതിങ്ങനെയാണ്: "ജില്ലാരൂപീകരണത്തെ ലീഗുകാർ ഉപയോഗിച്ചത് രാഷ്ട്രീയവും സംഘടനാപരവുമായ തങ്ങളുടെ ശക്തി വർധിപ്പിക്കാനായിരുന്നു. മുകളിൽ പറഞ്ഞതുപോലെ സ്വന്തം മന്ത്രിമാരുടെ കൈയിലുള്ള വകുപ്പ് മാത്രമല്ല, നിലവിലുള്ള ഒമ്പത് ജില്ലകൾക്ക് പുറമെ രൂപംകൊള്ളുന്ന പുതിയ ജില്ലയാകെ തങ്ങളുടെ വരുതിക്ക് കീഴിലാക്കാൻ അവർക്ക് കഴിഞ്ഞു. അങ്ങനെ സംസ്ഥാനത്തിന്റെ രാഷ്ട്രീയത്തിൽ ഇസ്‌ലാമിക വർഗീയത വളരാൻ അത് സഹായിച്ചു"(ഉദ്ധരണം മലപ്പുറം ജില്ല: പിറവിയും പ്രയാണവും, 2015: 156).

മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായതുകൊണ്ട് ജില്ലാരൂപീകരണമെന്ന ആവശ്യം നിഷേധിച്ചുവെന്ന ആക്ഷേപം ഒഴിവാക്കാൻ മുസ്‌ലിംലീഗിന്റെ നിർദേശം അംഗീകരിക്കുകയും അതേസമയം അതുണ്ടാക്കിയ റിസൽറ്റ് ലീഗിനനുകൂലമായിരുന്നുവെന്നും അത്

വർഗീയതയ്ക്ക് വളംവയ്ക്കുന്നതായിരുന്നു വെന്നും ഇ.എം.എസ് ആകെക്കൂടി പറഞ്ഞു വയ്ക്കുകയും ചെയ്യുന്നു. ഒരു വർഗമായി മുസ്‌ലിംകളെ കാണുകയും അതേസമയം, അതിന്റെ സംഘടിത രാഷ്ട്രീയ രൂപത്തെ വർഗീയമായി ആരോപിക്കുകയും ചെയ്യുന്ന വിലയിരുത്തലാണ് ഇ.എം.എസിൽനിന്ന് പിൽക്കാലത്തുണ്ടായതെന്ന് ചുരുക്കം.

## രാമസിംഹൻ കൊലക്കേസ്

സ്വാതന്ത്ര്യത്തിനുമുമ്പ് മലബാറിൽ വിവാദം സൃഷ്ടിച്ച സംഭവമായിരുന്നു രാമസിംഹൻ കൊലക്കേസ്. 1947 ഓഗസ്റ്റ് രണ്ടിന് പെരിന്തൽമണ്ണക്കടുത്ത്, രാമസിംഹൻ നമ്പൂതിരിയായി മതംമാറിയ ഉണ്യൻ സാഹിബും അനുജൻ നരസിംഹൻ നമ്പൂതിരിയും നവവധു കമലയും വേലക്കാരൻ രാജുവും വധിക്കപ്പെട്ടതാണ് പ്രസ്തുത സംഭവം. മൃതദേഹങ്ങൾ പെരിന്തൽമണ്ണയ്ക്കടുത്ത കുളിർമലയിൽ സംസ്കരിക്കപ്പെട്ടു. രാമസിംഹൻ നമ്പൂതിരി സ്വന്തം സ്ഥലത്ത് പണിതുതുടങ്ങിയ നരസിംഹമൂർത്തിയുടെ അമ്പലവും തകർക്കപ്പെട്ടിരുന്നു. ഈ കൊലപാതകം നാട്ടിൽ വലിയ വിവാദമായി. നാടിനെ വർഗീയധ്രുവീകരണത്തിലേക്ക് നയിക്കുന്ന സ്ഥിതിയുണ്ടായി. കൊലപാതകത്തിൽ പ്രതിഷേധിച്ച് ജനസംഘത്തിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ(പെരിന്തൽമണ്ണ അന്ന് പാലക്കാട് ജില്ലയുടെ ഭാഗമായിരുന്നു) ഹർത്താലാചരിച്ചു. സംഭവത്തിൽ മൊത്തം എട്ട് പ്രതികളാണുണ്ടായിരുന്നത്. പ്രതികളെല്ലാം മുസ്‌ലിംകളായിരുന്നു. പ്രതികൾക്കുവേണ്ടി വാദിച്ചത് മുസ്‌ലിംലീഗ് നേതാവ് കെ.എം സീതി സാഹിബായിരുന്നു. പ്രതികളിൽ നാലുപേരെ കോടതി വധശിക്ഷയ്ക്ക് വിധിച്ചു. ബാക്കി നാലുപേരെ വെറുതെവിടുകയും ചെയ്തു. തുടർന്നുണ്ടായ അപ്പീലിൽ ഹൈക്കോടതി വധശിക്ഷ വേണ്ടെന്നുവച്ചു(മാതൃഭൂമി ആഴ്ചപ്പതിപ്പ്, പു:86, ലക്കം: 42, ഡിസംബർ 2008, പുറം:10).

മതം മാറിയതിന്റെ പേരിൽ നടന്ന കൊലപാതകമെന്ന നിലയിലാണ് അത് സമൂഹത്തിൽ ചർച്ചചെയ്യപ്പെട്ടത്. ഒരു വിഭാഗം അതിനെ വർഗീയമായി ചിത്രീകരിക്കുകയും ചെയ്തു. എന്നാൽ, ഇ.എം.എസ് അതിനെ വർഗസമീപനത്തിന്റെ പശ്ചാത്തലത്തിലാണ് വായിച്ചത്. 1947 സെപ്റ്റംബറിൽ തന്നെ ഇതുമായി ബന്ധപ്പെട്ട രണ്ട് ലേഖനങ്ങൾ ഇ.എം.എസ് എഴുതി. 'രാമസിംഹന്റെ കൊലയ്ക്ക് പിന്നിൽ' എന്ന തലക്കെട്ടിൽ 'ദേശാഭിമാനി' പത്രത്തിലും(സെപ്റ്റംബർ 11, 1947) പിന്നീട് 'രാമസിംഹനെ കൊന്നവരെ ശിക്ഷിക്കാൻ' എന്ന തലക്കെട്ടിലുമായിരുന്നു(ഇത് എവിടെയാണ് പ്രസിദ്ധീകരിച്ചതെന്നോ എപ്പോൾ പ്രസിദ്ധീകരിച്ചുവെന്നോ വ്യക്തമല്ല) അവ പ്രസിദ്ധീകരിച്ചത്. കേവലം മതംമാറ്റത്തിന്റെ പേരിൽ നടന്ന കൊലപാതകമല്ല, മറിച്ച് അതിനുപിന്നിൽ സാമ്പത്തിക താത്പര്യങ്ങളാണ് പ്രവർത്തിച്ചതെന്ന കണ്ടെത്തൽ ഇ.എം.എസ് ഈ ലേഖനങ്ങളിൽ അവതരിപ്പിക്കുന്നു.

'മതവൈരം എന്ന വിഷയത്തെ ആസ്പദിച്ചല്ല സംഭവം പഠിക്കേണ്ടത്. ഇസ്‌ലാം മതത്തിൽനിന്ന് മാറി ഹിന്ദുക്കളായവരെ ഇസ്‌ലാം മതക്കാർ കൊല്ലുന്നു; അത് ഹിന്ദുക്കളുടെ പ്രതിഷേധത്തിന് ന്യായമായും വിഷയമാകേണ്ടതാണ്/ഇസ്‌ലാം മതത്തെ അപമാനിക്കാനാണ് ഈ മതംമാറ്റം; അതിലുള്ള ഇസ്‌ലാം മതാനുയായികളുടെ രോഷം കൊലപാതകത്തിൽ കലാശിക്കുന്നതിൽ അത്രകണ്ട് അസ്വാഭാവികമായി ഒന്നുമില്ല-അപകടകരമാണ് ഈ ലളിതവത്കരണമെന്നും അത് വികാരത്തീ കത്തിക്കാൻ മാത്രമുള്ളതാണെന്നും ഇ.എം.എസ് തിരിച്ചറിയുന്നു.' (മാതൃഭൂമി-10, 11).

മതമല്ല, പണമാണ് രാമസിംഹൻ കൊലക്കേസിലെ യഥാർത്ഥ കാരണമെന്ന് ഇ.എം.എസ് സ്ഥാപിക്കുന്നു. ഉണ്യൻ സാഹിബിനെ രാമസിംഹനാക്കാൻ ഈ നാട്ടിലെ സവർണ ഹിന്ദുജന്മികളും പ്രമാണിമാരും മുന്നിൽനിന്നുപ്രവർത്തിച്ചിട്ടുണ്ടെന്ന് ഇ.എം.എസ് തുറന്നെഴുതുന്നു.

എന്നാലിതുതന്നെ ഹിന്ദുമതത്തോടുള്ള തങ്ങളുടെ അഭിനിവേശത്തിന്റെയോ ആവേശത്തിന്റെയോ പുറത്തല്ല. ഹിന്ദുമതത്തെ അംഗബലം കൊണ്ട് വിപുലപ്പെടുത്തുകയായിരുന്നു സവർണജന്മിമാരുടെയും പ്രമാണിമാരുടെയും ഉദ്ദേശ്യമെങ്കിൽ ഹരിജനങ്ങളെ സ്വന്തം വീടുകളിലും ക്ഷേത്രങ്ങളിലും കയറ്റി ശരിക്കും ഹിന്ദുക്കളാക്കുകയാണ് അവർ ചെയ്യേണ്ടിയിരുന്നത്. അതിനവർ ഒരു

ക്കമല്ല. തങ്ങളുടെ ധനാധികാരങ്ങൾ പൊലിപ്പിക്കാൻ, അതുവഴി മറ്റൊരു മതത്തിലെ ധനാധികാരങ്ങൾ കയ്യാളുന്ന വ്യക്തികളെ തോൽപ്പിച്ചിരിക്കുന്നതായി നടിക്കാൻ അവർ നടത്തിയ പ്രവർത്തനത്തിന്റെ ഇര മാത്രമായിരുന്നു ഉണ്ണ്യൻ സാഹിബ്...

മുസ്‌ലിം സമുദായത്തിലെ പ്രാദേശിക ധനാഢ്യന്മാരെയും ഇ.എം.എസ് തന്റെ അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ട്. ഉണ്ണ്യൻ സാഹിബിനെയും ഭാര്യ പിതാവായ ഉണ്ണിക്കമ്മു സാഹിബിനെയും പരസ്പരം എതിർക്കുന്ന രണ്ട് ധനിക(മുസ്‌ലിം) കുടുംബങ്ങളുടെ പ്രതിനിധികളായി കാണുകയും അങ്ങനെയായാൽ മതംമാറ്റത്തെയെന്ന പോലെ കൊലപാതകത്തെയും ഈ കുടിപ്പകയുടെ(fued, feudalism) ഫലമായി വിലയിരുത്തുകയും ചെയ്യുന്നതിൽ യുക്തിയുണ്ടെന്ന് അദ്ദേഹം വാദിക്കുന്നു. ഉണ്ണ്യൻ സാഹിബിന്റെ മരണാനന്തരം മകളുടെ (മരിച്ച) ഭർത്താവിന്റെ സ്വത്ത് എന്ന നിലയിൽ (മകളും ഇസ്‌ലാമിലേക്ക് തിരിച്ചെത്തിയ അവരുടെ മക്കളും തന്റെ സംരക്ഷണത്തിലാണ് എന്നതിനാൽ) പത്തുലക്ഷം രൂപയുടെ ഉടമസ്ഥത ഉണ്ണിക്കമ്മു സാഹിബിന് കിട്ടുന്നുണ്ട്. ഇത് സാധിക്കുന്നത് കൊലപാതകത്തിലൂടെയാണ്. ഉണ്ണിക്കമ്മു സാഹിബിന്റെയും തലശ്ശേരിയിലെയും ഏറനാട്ടിലെയും തന്റെ ബന്ധുക്കളും മിത്രങ്ങളുമായ രണ്ടു പ്രമാണിമാരുടെയും (ഉണ്ണിമായൻ ഹാജി, കൊയപ്പത്തൊടി) കൂട്ടാണ്(combine) കൊലയ്ക്ക് പിന്നിലുള്ളതെന്ന നാട്ടുവർത്തമാനം ഇ.എം.എസ് മുഖവിലയ്ക്കെടുക്കുന്നത് പത്തുലക്ഷം രൂപ വിലയുള്ള കൊലയാണ് നടന്നത് എന്നതുകൊണ്ടാണ്. (മാതൃഭൂമി-12)

ഇ.എം.എസിന്റെ വിശകലനപാടവവും സൂക്ഷ്മ വിമർശനത്തിന്റെ ആഴവും ഒത്തുചേർന്ന ഈ സമീപനം ഒരു സാമൂഹികാന്തരീക്ഷത്തെ ക്രമപ്പെടുത്തുക കൂടിയാണ് ചെയ്തത്. തീവ്രഹിന്ദുത്വത്തിന്റെയും മൃദുഹിന്ദുത്വത്തിന്റെയും പരീക്ഷണശാലയാക്കാൻ അതിനെ വിട്ടുകൊടുക്കാതെ വർഗാധിഷ്ഠിത സിദ്ധാന്തത്തിലൂന്നി സംഭവത്തെ ആഖ്യാനം ചെയ്തു. അത് ചരിത്രപരമായ ഒരു ദൗത്യനിർവഹണം കൂടിയായിരുന്നു.

## മലബാർ സമരം

1921ലെ മലബാർ സമരത്തെ കുറിച്ച് ഇ.എം.എസ് തന്റേതായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. മലബാർ സമരത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി ഇ.എം.എസ് തയാറാക്കിയ ഒരു ചെറുലേഖനം 1946 ഓഗസ്റ്റ് 18, 19 തിയതികളിൽ കോഴിക്കോട്ട് ചേർന്ന പാർട്ടിയുടെ മലബാർ, കൊച്ചി, തിരുവിതാംകൂർ കമ്മിറ്റികളുടെ സംയുക്ത യോഗം അംഗീകരിച്ച ഒരു വിജ്ഞാപനമായി 'ദേശാഭിമാനി' (19 ഓഗസ്റ്റ് 1946)യിൽ പ്രസിദ്ധീകരിച്ചതാണ് അതിലൊന്ന്[2]. ഇതേതുടർന്ന് 'മാതൃഭൂമി' മുഖപ്രസംഗം എഴുതിയപ്പോൾ അതിന് മറുപടിയായി 'ദേശാഭിമാനി'(22 ഓഗസ്റ്റ് 1946)യിൽ എഴുതിയ കുറിപ്പിൽ തന്റെ നിലപാട് ആവർത്തിക്കുകയുണ്ടായി അദ്ദേഹം. പിന്നീട് എഴുതിയ 'കേരളം-മലയാളികളുടെ മാതൃഭൂമി' എന്ന പുസ്തകത്തിലാണ് മലബാർ സമരത്തെ കുറിച്ച തന്റെ അഭിപ്രായം ഇ.എം.എസ് വിശദമായി എഴുതുന്നത്.

'1921-ന്റെ ആഹ്വാനവും താക്കീതും' എന്ന ആദ്യ കുറിപ്പിൽതന്നെ തന്റെ നിലപാട് എന്താണെന്ന സൂചന കൃത്യമായി ഇ.എം.എസ് നൽകുന്നുണ്ട്. പി. ഗോവിന്ദപ്പിള്ളയും എം.എം നാരായണനുമെല്ലാം സൂചിപ്പിച്ചതുപോലെ മലബാർ സമരത്തിന്റെ ആരോഗ്യകരമായ ജന്മിവിരുദ്ധവും സാമ്രാജ്യവിരുദ്ധവുമായ പൈതൃകത്തെ മുന്നോട്ടുകൊണ്ടുപോകണമെന്ന ആഹ്വാനവും പിന്നീടതിൽ പ്രത്യക്ഷപ്പെട്ടുവെന്ന് താൻ കരുതുന്ന അനാരോഗ്യകരമായ വർഗീയതയെ തള്ളിക്കളയണമെന്ന താക്കീതുമായിരുന്നു ആ ചെറുലേഖനത്തിന്റെ ഉള്ളടക്കം. 'മാതൃഭൂമി'യുടെ മുഖപ്രസംഗത്തിന് നൽകിയ മറുപടിയിലും ഇതേ ആശയം അവർത്തിക്കുന്നു. ഒരു രാഷ്ട്രീയ പ്രമേയത്തിന്റെ ചട്ടക്കൂടിൽനിന്നുകൊണ്ട് തയാറാക്കിയ 'ആഹ്വാനവും താക്കീതും' അക്കാലത്തെ ജനകീയ സമരങ്ങൾക്കുള്ള ഓർമപ്പെടുത്തലായാണ് ഇ.എം.എസ് എഴുതുന്നത്. 1946 കാലഘട്ടത്തിൽ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്ന ബഹുജന സമരങ്ങൾ ഏതുരീതിയിൽ പോ

2. ലേഖനം പ്രസിദ്ധീകരിച്ചതിന്റെ പേരിൽ 'ദേശാഭിമാനി' നിരോധിക്കപ്പെടുകയും ഇ.എം.എസ് അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു.

കണമെന്ന ആഹ്വാനമാണ് പരോക്ഷമായി ഈ കുറിപ്പ് നടത്തുന്നത്.

'കേരളം-മലയാളികളുടെ മാതൃഭൂമി' എന്ന പുസ്തകത്തിലുള്ള ലേഖനത്തിലാണ് മലബാർ സമരത്തെ കുറിച്ച് ഇ.എം.എസ് വിശദമായി എഴുതുന്നത്. സമരത്തിന്റെ ഉത്ഭവത്തെയും സ്വഭാവത്തെയും കുറിച്ച് നിലനിൽക്കുന്ന അഭിപ്രായങ്ങൾ പരിശോധിക്കുകയും സമരത്തിന്റെ യഥാർത്ഥ കാരണം എന്താണെന്നതിനെ കുറിച്ച് തന്റേതായ അഭിപ്രായം പറയുകയും ചെയ്യുന്നു. മാപ്പിളമാരുടെ മതഭ്രാന്ത്, ജന്മിമർദനം, കോൺഗ്രസ്-ഖിലാഫത്ത് പ്രസ്ഥാനം മുതലായ ഏതെങ്കിലുമൊരു സംഗതിയെടുത്ത് അതാണ് സമരത്തിന് കാരണമെന്ന് വാദിക്കുന്നതും അല്ലെന്ന് വാശിപിടിക്കുന്നതും ഒരുപോലെ അസംബന്ധമാണെന്ന് ഇ.എം.എസ് പറയുന്നു. മറ്റേത് ബഹുജനപ്രസ്ഥാനവുമെന്ന പോലെ 1921ലെ മലബാർ സമരവും സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക പ്രാധാന്യമുള്ള പല സ്ഥിതിഗതികളുടെയും സംഭവങ്ങളുടെയും സംഘട്ടനത്തിൽനിന്ന് പൊട്ടിപ്പുറപ്പെട്ടതാണെന്നും അവയെല്ലാം ശാസ്ത്രീയമായി പരിശോധിച്ച് അവയുടെ അന്യോന്യബന്ധം കണ്ടുപിടിച്ചാൽ മാത്രമേ സമരത്തെ കുറിച്ച് ശരിയായ അഭിപ്രായം പറയാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം പറയുന്നു.

മലബാർ സമരത്തിന്റെ മൂന്ന് ഘട്ടങ്ങളെ കുറിച്ച് ഇ.എം.എസ് വ്യക്തമാക്കുന്നുണ്ട്. 1921 ഏപ്രിൽ മാസം-ഒറ്റപ്പാലം സമ്മേളനവും അവിടെവച്ച് നടന്ന പോലീസ് മർദനവും-മുതൽ ഓഗസ്റ്റ് 20 വരെയുള്ള നാലുമാസമാണ് സമരത്തിന്റെ ഒന്നാംഘട്ടം. കോൺഗ്രസ്-ഖിലാഫത്ത് നേതാക്കളും മാപ്പിള ബഹുജനങ്ങളും തമ്മിലുള്ള വ്യത്യാസമൊന്നും ഈ ഘട്ടത്തിൽ പുറത്തുവന്നിരുന്നില്ല. 'നിലമ്പൂർ ആറാംമുറ തിരുമുൽപ്പാടി'ന്റെ തോക്കുകളുപയോഗിക്കുന്നുവെന്ന് ആരോപിച്ച് പൂക്കോട്ടൂർ ഖിലാഫത്ത് സെക്രട്ടറി വടക്കേവീട്ടിൽ മുഹമ്മദിനെ അറസ്റ്റ് ചെയ്യാനുള്ള പോലീസിന്റെ ശ്രമവും തിരൂരങ്ങാടി മസ്ജിദ് സംഭവവും നടക്കുന്ന ഓഗസ്റ്റ് 20 മുതൽ രണ്ടാംഘട്ടം തുടങ്ങുന്നു. കോൺഗ്രസ്-ഖിലാഫത്ത് നേതാക്കളും മാപ്പിള ബഹുജനങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസം ഈ ഘട്ടത്തിലാണ് പുറത്തുവരുന്നത്. തിരൂരങ്ങാടി, മഞ്ചേരി, പെരിന്തൽമണ്ണ എന്നീ സ്ഥലങ്ങളെല്ലാം മാപ്പിള സമരനായകരുടെ കീഴിലായിരുന്നു. ഓഗസ്റ്റ് 28ന് നടന്ന പൂക്കോട്ടൂർ യുദ്ധത്തോടുകൂടി മൂന്നാംഘട്ടം തുടങ്ങുന്നു. പരിശീലനമൊന്നും കിട്ടാത്തവരും പറയത്തക്ക ആയുധമൊന്നുമില്ലാത്തവരുമായ മാപ്പിളമാർ ഒരു വശത്തും പരിഷ്കൃതമായ ആയുധങ്ങളും തഴക്കവുമായി ബ്രിട്ടീഷ് പട്ടാളം മറുവശത്തും നിലയുറപ്പിച്ച് നടത്തിയ ആ യുദ്ധത്തോടുകൂടിയാണ് ബ്രിട്ടീഷ് ഭരണത്തിന്റെ പൊയ്പോയ അധികാരശക്തി തിരിച്ചെടുക്കാനുള്ള ശ്രമം തുടങ്ങിയതെന്നും എന്നാൽ സ്വന്തം നാടും മതവും രക്ഷിക്കാനുള്ള സമരമാണെന്ന ആത്മവിശ്വാസത്തോടെ പൊരുതുന്ന മാപ്പിളമാരെ അത്രവേഗത്തിലൊന്നും തോൽപ്പിക്കാൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞില്ലെന്നും ഇ.എം.എസ് എഴുതുന്നു. ലഹളയുടെ പ്രധാന ഉത്തരവാദിത്തം ഗവൺമെന്റിനാണെന്നും ഏതെങ്കിലും തരത്തിൽ അടിച്ചമർത്തുക എന്ന പൈശാചിക നയത്തിന് പകരം ജനകീയ നേതാക്കന്മാരുടെ സഹായത്തോടുകൂടി സമാധാനം സ്ഥാപിക്കുകയെന്ന നയം ഗവൺമെന്റ് അംഗീകരിച്ചിരുന്നുവെങ്കിൽ മാപ്പിളമാരുടെയും പട്ടാളക്കാരുടെയും ഭാഗത്തുനിന്ന് വന്ന സ്വത്തുനാശം വരില്ലായിരുന്നുവെന്നുമുള്ള അഭിപ്രായം ശരിയാണെന്നും ഇ.എം.എസ് പറയുന്നു(ഉദ്ധരണം-മലബാർ കലാപം: ഇ.എം.എസിന്റെ ആഹ്വാനവും താക്കീതും, 2015: 30-43).

'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന തന്ത്രമനുസരിച്ച് പ്രവർത്തിക്കുന്ന ബ്രിട്ടീഷുകാർ കോൺഗ്രസ്-ഖിലാഫത്ത് പ്രസ്ഥാനത്തിൽ പ്രത്യക്ഷമായ ജനകീയ ഐക്യം പൊളിക്കാൻ എന്തക്രമവും അനുവർത്തിക്കുമെന്നും ലഹള സമാധാനപരമായി ഒതുക്കുന്നതിനെക്കാൾ അവർക്കാവശ്യം നാട്ടുകാരെയാകെ ഭയപ്പെടുത്തി സ്വരാജിനുവേണ്ടിയുള്ള സമരത്തിൽനിന്ന് അകറ്റലാണെന്നും മനസിലാക്കി, ആ സാമ്രാജ്യത്വ തന്ത്രം പൊളിക്കാനുള്ള മറുതന്ത്രം മെനയുന്നതിൽ കോൺഗ്രസ് പരാജയപ്പെട്ടുവെന്നാണ് ഇ.എം.എസ് നിരീക്ഷിക്കുന്നത്. മാപ്പിളമാരുടെ മനോഭാവമറിഞ്ഞ് വേണ്ടതുപോലെ നയിക്കാൻ കഴിയുന്ന വിപ്ലവകാരികളില്ലാതെ പോയതാണ് അതിന് കാരണം. ഉള്ള നേതാക്കൾ പ്രാപ്തരായിരുന്നില്ല. ഇങ്ങനെ പരസ്പരം യോജിക്കാത്ത നേതാ

ക്കളും അനുയായികളും ഉണ്ടായിരുന്നതാണ് 1921ലെ 'ലഹള'യുടെയും പരിതാപകരമായ അതിന്റെ പരാജയത്തിന്റെയും കാതലെന്നാണ് ഇ.എം.എസിന്റെ കണ്ടെത്തൽ.

## 'ഇ.എം.എസ് പള്ളി'

പുലാമന്തോൾ ടൗൺ ജുമുഅത്ത് പള്ളിയെ ഇ.എം.എസ് പള്ളിയെന്ന് ചില സഖാക്കൾ വിളിക്കാറുണ്ട്. 1957ലെ പ്രഥമ ഇ.എം.എസ് സർക്കാർ പാസാക്കിയ ഒരു ഓർഡറിന്റെ പേരിലാണ് അങ്ങനെയൊരു വിളിയുണ്ടായത്. ആരാധനാലയങ്ങൾ, മദ്റസകൾ തുടങ്ങിയവ നിർമിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും സർക്കാർ അനുമതി വേണമെന്ന നിയമം 1952 മുതൽ മലബാറിൽ ബാധകമായിരുന്നു. മലബാർ പ്രദേശം ഭരിച്ചിരുന്ന മദ്രാസ് സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം മുസ്‌ലിം ലീഗിന്റെ നേതൃത്വത്തിൽ കൊണ്ടുവന്നതുമായിരുന്നു. നിയമം എടുത്തുകളയണമെന്ന പ്രമേയം മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൽ മുസ്‌ലിംലീഗ് അവതരിപ്പിക്കുകയും കോൺഗ്രസ്, കമ്യൂണിസ്റ്റ്, പി.എസ്.പി അംഗങ്ങൾ അതിനെ പിന്തുണക്കുകയും ചെയ്തിരുന്നു. പ്രമേയം നടപ്പാക്കുന്നതിനുവേണ്ടി മദ്രാസ് ഗവൺമെന്റിലേക്ക് അയക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അത് നടക്കാതെ പോകുകയായിരുന്നു. പിന്നീട്, ഐക്യകേരള പിറവിക്കുശേഷം, കേരളത്തിൽ അധികാരത്തിൽ വന്ന ഇ.എം.എസ് സർക്കാരിനുമുന്നിൽ ഈ വിഷയം ആദ്യമായി അവതരിപ്പിക്കുന്നത് മുസ്‌ലിംലീഗ് നേതാവ് സി.എച്ച് മുഹമ്മദ് കോയയാണ്. പ്രഥമ നിയമസഭാ സമ്മേളനത്തിൽ തന്നെ (1957 മെയ് ഒമ്പത്) അദ്ദേഹം അവതരിപ്പിച്ച പ്രമേയവും അതിനെ തുടർന്നുനടന്ന ചർച്ചയും നിയമസഭയുടെ രേഖയാണ്(Proceedings of the Kerala Legislative Assembly, First Session-1957, First Meeting, Tuesday 9 May 1957).

"മദിരാശി കെട്ടിട നിർമാണഭേദഗതി നിയമപ്രകാരം പള്ളി, മദ്റസകൾ മുതലായവയുടെ നിർമാണം, പുതുക്കിപ്പണിയൽ, വിപുലീകരണം തുടങ്ങിയ കാര്യങ്ങളിൽ മലബാറിലെ ജനങ്ങളനുഭവിക്കുന്ന വിഷമതകളെ ഈ യോഗം മനസിലാക്കുകയും പ്രസ്തുത നിയമം റദ്ദുചെയ്യാൻ തീരുമാനിക്കുകയും ചെയ്യുന്നു."

ഇതായിരുന്നു സി.എച്ച് മുഹമ്മദ് കോയ അവതരിപ്പിച്ച പ്രമേയം. പ്രമേയം പിന്നീട് സി.എച്ച് സഭയിൽ വിശദീകരിക്കുന്നുമുണ്ട്. ടി.കെ കൃഷ്ണൻ, പി.ആർ മാധവൻപിള്ള, ജോസഫ് ചാഴിക്കാട്, കെ.സി ജോർജ്ജ്, എ. ബാലഗോപാലൻ, എ.ആർ മേനോൻ, കെ. കൃഷ്ണമേനോൻ, ഇ.പി ഗോപാലൻ, പി.എം കുഞ്ഞിരാമൻ നമ്പ്യാർ, പി.കെ കുഞ്ഞച്ചൻ തുടങ്ങിയ അംഗങ്ങൾ സി.എച്ചിനോട് ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾ ഉന്നയിക്കുകയും അതിന് സി.എച്ച് വ്യക്തമായി മറുപടി പറയുകയും ചെയ്യുന്നുണ്ട്. മതപരമായ കാര്യം എന്ന നിലയിൽ മദ്റസകൾക്ക് ലൈസൻസ് തരാതിരിക്കുന്നതിന് നിരവധി ഉദാഹരണങ്ങളുണ്ടെന്ന് പറയുകയും ചിലത് തെളിവായി ഉദ്ധരിക്കുകയും ചെയ്തു. അവുക്കാദർകുട്ടി നഹയും എം. ചടയനും പ്രമേയത്തെ പിന്താങ്ങി സംസാരിക്കുകയും ചെയ്യുന്നുണ്ട്. നീണ്ട ചർച്ചയ്ക്കൊടുവിൽ നിയമമന്ത്രി വി.ആർ കൃഷ്ണയ്യർ മറുപടി പറയുന്നു. "ശ്രീ സി.എച്ച് മുഹമ്മദ്കോയ ചൂണ്ടിക്കാണിച്ചതുപോലെ കെട്ടിടങ്ങൾ പുതുക്കുന്നതിന് കലക്ടറുടെ അനുവാദം വേണമെന്നു പറയുന്നത് ശരിയല്ല. എനിക്ക് പറയാനുള്ളത് പഴയ കെട്ടിടങ്ങൾ പള്ളിയായാലും അമ്പലമായാലും മതപരമായ ഏതുസ്ഥാപനമായാലും അവ പുതുക്കുന്നതിനുള്ള സ്വാതന്ത്ര്യം കലക്ടറുടെ സമ്മതം കൂടാതെത്തന്നെ നൽകുന്നതാണെന്ന് പ്രഖ്യാപിക്കുവാൻ ഞാനാഗ്രഹിക്കുന്നു. രണ്ടാമത് എനിക്ക് പറയാനുള്ളത് ഏതെങ്കിലും ഒരു കെട്ടിടത്തിന് ഏതെങ്കിലും അൽപ്പം (എക്സ്റ്റൻഷൻ) വികസനം ആവശ്യമാണെങ്കിൽ അതിനും നിയന്ത്രണമുണ്ട്. ആ നിയന്ത്രണവും ആവശ്യമില്ലാത്തതാണ്. ഒരു ജി.പി മൂലം ആ നിയന്ത്രണവും ഒഴിവാക്കാൻ ഗവൺമെന്റ് ഒരുക്കമാണ്."

ഇതായിരുന്നു നിയമമന്ത്രി നൽകിയ മറുപടിയുടെ കാതൽ. മതപരമായ കാര്യങ്ങൾക്കുവേണ്ട റൂളുകൾ നിർമിക്കുന്നതിന് സഹായകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ആദ്യസംഭാവനയെന്ന നിലയിൽ ഈ പ്രമേയം പിൻവലിക്കണമെന്ന് സി.എച്ചിനോട് കൃഷ്ണയ്യർ പറയുകയും അതിന്റെ അടിസ്ഥാനത്തിൽ, എല്ലാവർക്കും തൃപ്തി

കരവും സൗഹാർദപരവുമായ ഒരു നിയമനിർമാണം നടത്താനുള്ള അന്തരീക്ഷം ഉണ്ടാക്കേണ്ടത് ഏറ്റവും ആവശ്യമാണെന്ന് വിശ്വസിച്ചുകൊണ്ട് ബഹുമാനപ്പെട്ട നിയമവകുപ്പ് മന്ത്രി തങ്ങൾക്ക് നൽകിയ സംഭാവനയ്ക്ക് ഒരു ബദൽ സംഭാവനയെന്ന നിലയിൽ ഈ പ്രമേയം പിൻവലിക്കുന്നതിന് സഭയുടെ അനുമതി ആവശ്യപ്പെട്ടുകൊള്ളുന്നു എന്ന് സി.എച്ച് മറുപടി പറയുകയും ചെയ്യുന്നു. പിന്നീട് ഇതുമായി ബന്ധപ്പെട്ട നിയമനിർമാണം നടക്കുകയും ചെയ്തു.(Proceedings of the Kerala Legislative Assembly, First Session-1957, First Meeting, Tuesday 9 May 1957-Page:441-451).

അതേസമയം, പുലാമന്തോൾ ടൗൺ പള്ളി പുതുക്കിപ്പണിയുന്നതിന് നിയമം തടസമായി നിന്നപ്പോൾ നാട്ടുകാർ മുഖ്യമന്ത്രിയായ ഇ.എം.എസിനെ അന്ന് സമീപിച്ചിരുന്നുവെന്ന് സി.പി.എം പുലാമന്തോൾ ലോക്കൽ സെക്രട്ടറി എം.വി കുട്ടിശങ്കരൻ പറയുന്നു(നേരിൽ നടത്തിയ സംഭാഷണം-മെയ് 2020). 1957ൽ പുലാമന്തോൾ ഗവ.ഹൈസ്കൂളിന് (ഇപ്പോഴത്തെ ഹയർസെക്കണ്ടറി സ്കൂൾ) തറക്കല്ലിടാൻ ഇ.എം.എസ് വരുന്നുണ്ടായിരുന്നു. ആ ദിവസം തന്നെ നാട്ടുകാർ അദ്ദേഹത്തിന് ഒരു സ്വീകരണവും സംഘടിപ്പിച്ചു. കാഞ്ഞിരക്കടവത്ത് കറുത്തേതൊടി മരക്കാർ ഹാജിയായിരുന്നു സ്വീകരണ യോഗത്തിന്റെ അധ്യക്ഷൻ. ആ യോഗത്തിൽവച്ച്, കോൺഗ്രസുകാരനായ മൂലത്തിൽ മായിൻ ഹാജി, സ്വാതന്ത്ര്യസമര സേനാനികൾ കൂടിയായിരുന്ന മലവട്ടത്ത് മുഹമ്മദ് ഹാജി, വാപ്പുട്ടി മാഷ് എന്നിവർ ചേർന്ന് പള്ളി പുതുക്കിപ്പണിയുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഇ.എം.എസിന് നിവേദനം നൽകി. തനിക്ക് തിരുവനന്തപുരത്ത് എത്തേണ്ട സമയം അനുവദിച്ച് തരണമെന്ന് ഇ.എം.എസ് മറുപടിയും നൽകി.

ഇ.എം.എസ് തിരുവനന്തപുരത്തെത്തി ഒരാഴ്ച കഴിഞ്ഞിട്ടും ഓർഡർ വരാത്തതുകാരണം, അന്നത്തെ കമ്മ്യൂണിസ്റ്റ് നേതാക്കളായ കെ.വി.ആർ രാമൻ, മലവട്ടത്ത് മുഹമ്മദ് ഹാജി, കോൺഗ്രസുകാരനായ മൂലത്തിൽ മായിൻ ഹാജി എന്നിവർ തിരുവനന്തപുരത്ത് ഇ.എം.എസിനെ കാണാൻ ചെന്നു. നിങ്ങൾ നാട്ടിൽ തിരിച്ചെത്തുമ്പോഴേക്കും ഓർഡർ ഇറങ്ങിയിട്ടുണ്ടാകുമെന്ന് ഇ.എം.എസ് അവർക്ക് ഉറപ്പുനൽകുകയും ഉടനെ ആ ഓർഡർ ഇറങ്ങുകയും ചെയ്തുവെന്ന് കുട്ടിശങ്കരൻ പറയുന്നു.

ഏതായാലും, പുലാമന്തോൾ ടൗൺ പള്ളിയെ ചില സഖാക്കൾ 'ഇ.എം.എസ് പള്ളി' യെന്ന് വിളിക്കാറുണ്ട്. പ്രഥമ ഇ.എം.എസ് സർക്കാർ കൊണ്ടുവന്ന നിയമനിർമാണത്തിന്റെ പേരിലായിരിക്കാം അങ്ങനെ അവർ വിളിക്കുന്നത്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് പ്രഥമ നിയമസഭാ സമ്മേളനത്തിൽ സി.എച്ച് മുഹമ്മദ് കോയയാണ് എന്നത് നിയമസഭാ രേഖകളിൽനിന്ന് വ്യക്തവുമാണ്.

## ഉപസംഹാരം

മലബാർ എന്ന ദേശത്താണ് ഇ.എം.എസ് ജനിച്ചത്. ആ ദേശത്തിന്റെ സങ്കീർണമായ ഭൂതകാലത്തെ കൂടി സ്വാംശീകരിച്ചാണ് ഇ.എം.എസിന്റെ പഠനങ്ങൾ. മലബാർ സമരകാലത്തെ കുറിച്ച ഓർമകൾ തന്റെ ആത്മകഥയിൽ ഇ.എം.എസ് എഴുതിയിട്ടുണ്ട്. നരസിംഹൻ വധം തന്റെ നാട്ടിൽ നടന്ന ഒരു സംഭവമാണെന്ന ബോധ്യംകൂടി ഇ.എം.എസിനുണ്ട്. മുസ്‌ലിംലീഗിന്റെ കേരളത്തിലെ പ്രഥമ മന്ത്രിസഭാ പ്രവേശനവും മലപ്പുറം ജില്ലാരൂപീകരണവുമെല്ലാം പ്രത്യേക സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലം മുൻനിർത്തിത്തന്നെയാണ് പഠനവിധേയമാക്കേണ്ടത്. ആധുനിക കേരളത്തിന്റെ ശിൽപ്പികളിൽ ഒരാളായ ഇ.എം.എസിന്റെ മുസ്‌ലിം രാഷ്ട്രീയ, ചരിത്ര, സംസ്കാര സമീപനങ്ങളിൽ ഉള്ളടങ്ങിയ ഉൾപ്പിരിവുകളും പ്രത്യയശാസ്ത്രവുമെല്ലാം കൂടുതൽ പഠിക്കപ്പെടേണ്ടതാണ്.

*(വയനാട് മുട്ടിൽ ഡബ്ല്യു.എം.ഒ കോളേജ് മലയാള വിഭാഗം മേധാവിയാണ് ലേഖകൻ)*

## റഫറൻസ്


1. ടി.പി.എം ബഷീർ, മലപ്പുറം ജില്ല: പിറവിയും പ്രയാണവും, ഗ്രെയ്സ് ബുക്സ്, 2015.
2. മാതൃഭൂമി ആഴ്ചപ്പതിപ്പ്, പു:86, ലക്കം: 42, ഡിസംബർ 2008.
3. ബഷീർ ചുങ്കത്തറ(എഡിറ്റർ), മലബാർ കലാപം: ഇ.എം.എസിന്റെ ആഹ്വാനവും താക്കീതും, പുരോഗമന കലാ സാഹി

ത്യ സംഘം, 2015.
4. Proceedings of the Kerala Legislative Assembly, First Session-1957, First Meeting, Tuesday 09 May 1957.
5. സി.പി.എം പുലാമന്തോൾ ലോക്കൽ സെക്രട്ടറി എം.വി കുട്ടിശങ്കരനുമായി നേരിൽ നടത്തിയ സംഭാഷണം-മെയ് 2020.
6. അനിൽ കുമാർ എ.വി, ചരിത്രത്തിനൊപ്പം നടന്ന ഒരാൾ, ലിപി പബ്ലിക്കേഷൻസ്.
7. ഐ.വി ദാസ് (എഡിറ്റർ), ഇ.എം.എസ് ലേഖന സമാഹാരം, ചിന്ത പബ്ലിഷേഴ്സ്, 1994.